بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 25/12/2015

## (13 RABIUL AWWAL 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## "END OF YEAR FESTIVITIES / വർഷാവസാനാഘോഷങ്ങൾ

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം വർഷാവസാനാഘോഷങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി. നിങ്ങൾക്കറിയാവുന്നതുപോലെ, 2015 അവസാനിക്കുവാൻ പോവുകയാണ്. 2015 ലെ അവസാന ദിവസങ്ങളിലാണ് നാം ജീവിക്കുന്നത്. പ്രത്യേകിച്ച് ഡിസംബർ മാസത്തിൽ! ഡിസംബർ മാസത്തെ അറിയപ്പെടുന്നത് ആഘോഷങ്ങളുടെ മാസം എന്നാണ്. അനേകർ ആ മാസത്തിൽ ആഘോഷങ്ങൾക്കും വിനോദങ്ങൾക്കും സമയം കണ്ടെത്തുന്നു. പബ്ലിക്, പ്രൈവറ്റ്, വ്യവസായ മേഖലകളിൽപ്പെടുന്നവരെല്ലാം വർഷാവസാന പാർട്ടികൾ ഒരുക്കുന്നു. കുടുംബങ്ങൾ ക്രിസ്തുമസ് പാർട്ടികൾ ഒരുക്കുന്നു. (ഇന്ന് ക്രിസ്തുമസ് ആകുന്നു) അതുപോലെ വർഷാവസാന പാർട്ടികളും ഒരുക്കുന്നു.

ഇത്തരം സാഹചര്യങ്ങളിൽ, ഒരു മുസ്ലീം തന്റെ വിശ്വാസം സംരക്ഷിക്കുവാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. ഇസ്ലാമിന്റെ അധ്യാപനങ്ങളെ ഉപേക്ഷിക്കുവാൻ ഇടവരുത്തരുത്. സമ്പൂർണ്ണമാതൃക പുരുഷനായ ഹസ്രത് മുഹമ്മദ് (സ) പ്രതിനിധാനം ചെയ്യുന്ന ചര്യകൾ വിസ്മരിക്കരുത്. ജോലി സ്ഥലത്ത് സുഹൃത്തുക്കളും ഓഫീസിലെ സഹപ്രവർത്തകരും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത് നിരോധിച്ചിട്ടുള്ള കാര്യമൊന്നുമല്ല. ഒരു മുസ്ലീമിന് അനുവദിച്ചിട്ടുള്ള കാര്യമാണ്. എന്നാൽ നിരോധിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളിലും ആചാരങ്ങളിലും ഒരു മുസ്ലീം നിർബന്ധമായും പങ്കെടുക്കുവാൻ പാടില്ല. വിശിഷ്യാ വർഷാവസാന പാർട്ടികളിൽ, അവിടെ അനിയന്ത്രിതമായ നിലയിൽ മദ്യം വിളമ്പുന്ന സ്ഥലമാണ്. അല്പം കുടിക്കുവാൻ നിങ്ങളുടെ സ്നേഹിതർ പ്രേരിപ്പിക്കാം. അൽപം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ് എന്നും തട്ടിവിടും. അവർ നിങ്ങളോട് പറയാം. വരൂ, ഈ വർഷം അവസാനിക്കുകയാണ്, ഞങ്ങളോടൊപ്പം ചേരൂ! ഞങ്ങളോടൊപ്പം അൽപം കുടിക്കൂ! അൽപം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ്. അങ്ങനെ ഒടുവിൽ അവരെ തൃപ്തിപ്പെടുത്തുവാനായി, നിങ്ങൾ അല്ലാഹുവിന്റെ കൽപനകളെ വിസ്മരിക്കുന്നു.

മദ്യപാനം ആരോഗ്യത്തിന് നല്ലതാണെന്ന് നിങ്ങൾ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ ? അതോ, നിങ്ങളുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കുന്നതാണോ ? ഒരു ഗ്ലാസ് മദ്യം രണ്ട് ഗ്ലാസിലേക്കും പിന്നീട് അത് വർദ്ധിച്ചു കൊണ്ടുമിരിക്കും ഒടുവിൽ നിങ്ങളും അവരും തമ്മിൽ ഒരു വ്യത്യാസവുമില്ലാതാകും. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഗുരുതരമായ ഒരു കെണിയിലായിരിക്കും നിങ്ങൾ അങ്ങനെ അകപ്പെടുന്നത്. ഒരു വർഷം മുഴുവൻ ചെയ്ത നല്ല പ്രവർത്തികൾ അതായത് പ്രാർത്ഥനകൾ, ദിക്‌റുകൾ, ദുആകൾ, വിഃഖുർആൻ പാരായണം, റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം, പരിശുദ്ധ മാസത്തിൽ ചെയ്ത ത്യാഗങ്ങൾ, ഖുർബാനീ തുടങ്ങി എല്ലാം വൃഥാവിലായിപോകുന്നു. അതുപോലെ അനേകം സഹോദരീ സഹോദരന്മാർ ഇസ്ലാമിലെ അഞ്ചാമത്തെ സ്തംഭമായ ഹജ്ജ് നിർവ്വഹണത്തിനും അനേകം ത്യാഗങ്ങൾ ചെയ്യുന്നു. ഇപ്പോൾ പെട്ടെന്ന് തോന്നിയ ഒരാഗ്രഹം മൂലം ഈ നല്ല പ്രവർത്തനങ്ങളെല്ലാം മദ്യത്തിലൂടെ, സിഗരറ്റിലൂടെ, വെടിക്കെട്ടിലൂടെ കരിച്ചു കളയുകയാണോ ? അവരുടെ ഇംഗിതത്തിനനുസരിച്ച് നിങ്ങൾ ഡാൻസ് ചെയ്യുവാനും, മദ്യപിക്കാനുമുള്ള സ്വഭാവം ഉണ്ടാക്കിതീർക്കുകയും പാട്ടും നൃത്തവുമായി നിങ്ങൾ മുന്നേറുന്നു. നന്മയുടെ സ്ഥാനത്ത് നിങ്ങൾ തിന്മ പകരം വയ്ക്കുന്നു. ആരാധനകളെ മോശപ്രവർത്തികളുമായി കൂട്ടികുഴയ്ക്കുന്നു.

മുസ്ലീം സ്ത്രീകൾ, പെൺകുട്ടികൾ, പ്രത്യേകിച്ച് ജോലിയുള്ളവർ നിശ്ചയമായും മുൻകരുതലുകൾ എടുക്കേണ്ടതാണ്. ഹറാമായ ഭക്ഷണം കഴിക്കാതിരിക്കുവാൻ. നിങ്ങൾ തിന്മയുടെ ഇരകളായി തീരരുത്. അത്തരം തിന്മകൾ നിങ്ങളെ കുറ്റവാളികളുടെ സംഘത്തിൽ എത്തിക്കുകയും നിങ്ങൾക്കവിടെ നിന്ന് പുറത്ത് വരാൻ കഴിയാതാവുകയും ചെയ്യുന്നതാണ്. മുസ്ലീം സ്ത്രീകളും പെൺകുട്ടികളും ഇത്തരം പാർട്ടികളിൽ ജാഗ്രത പാലിക്കേണ്ടതാണ്. ഇവിടെ സ്ത്രീയും പുരുഷനും ഒരുമിക്കുന്നു, അവിടെ പർദ്ദയുടെ സാമീപ്യമി

ല്ല. നിങ്ങളൊന്ന് ഗാഢമായി ചിന്തിക്കുക. നിങ്ങളെ പള്ളികളിൽ നിന്നും തടയപ്പെട്ടിരിക്കുന്നു; ജമാഅത്തായ നമസ്ക്കാരത്തിൽ നിന്നും തടയപ്പെട്ടിരിക്കുന്നു. വെള്ളിയാഴ്ച പ്രാർത്ഥനകളിൽ നിന്നും തടയപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങളുടെ ജോലി സ്ഥലത്ത് വർഷാവസാനം നടത്തുന്ന ഇത്തരം പാർട്ടികളിൽ പങ്കെടുക്കുന്നത് നിങ്ങൾക്ക് ഹറാമല്ലേ ? ഇത് ഹലാൽ ആണോ ? ഈ പറയപ്പെട്ട മുല്ലാക്കൾ, ഇസ്ലാമിന്റെ വലിയ സംരക്ഷകരെന്നവകാശപ്പെടുന്നവർ, മുസ്ലീം സഹോദരീസഹോദരന്മാരുടെ മാന്യതയും അന്തസ്സും സംരക്ഷിക്കുവാൻ ഒന്നും ചെയ്യുന്നില്ല. ഇത്തരം ഗർത്തങ്ങളിൽ അവർ വീഴാതിരിക്കുവാൻ ഒന്നും ചെയ്യുന്നില്ല. സാധാരണയായി രക്ഷകർത്താക്കൾ അവരുടെ കുട്ടികളെ (ആൺകുട്ടികളെയും പെൺകുട്ടികളെയും) വർഷാവസാന ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ ചുമതലപ്പെടുത്താറുണ്ട്. രാത്രി വളരെ വൈകിയായിരിക്കും അവർ തിരികെ എത്തുക. മറ്റു ചിലർ രാത്രി മുഴുവൻ അപരിചിതരുമായി അവരുടെ ഹാസ്യവിരുന്നിൽ പങ്കെടുക്കുന്നുണ്ടാവും. അവർ സ്വയം സന്തോഷത്തിലാറാടുകയാണ്. അവർ എല്ലാ അതിരുകളും വിട്ടിട്ടുണ്ടാകും. വളരെ വൈകി വീട്ടിലെത്തുന്നു. അല്ലെങ്കിൽ പുറത്തുകഴിയുന്നുണ്ടാകും. പ്രാർത്ഥനകൾ പോലും നിർവ്വഹിക്കാതെ ! അതെ ! എവിടെയാണോ ഇത്തരം കളിവിനോദങ്ങളുള്ളത് അവിടെ പ്രാർത്ഥനയില്ല !

നിങ്ങൾക്കെല്ലാം അറിവുള്ളതുപോലെ ഇവിടെ മൗറീഷ്യസിൽ എല്ലാ വാർഷിക പരീക്ഷകളും ഡിസംബറിലാണല്ലോ. കുട്ടികളെല്ലാം നല്ല വിജയം നേടുന്നതിനായി കഠിനാദ്ധ്വാനം ചെയ്യുന്നു. നല്ല വിജയം കാഴ്ചവയ്ക്കുന്നവർക്ക് ഉന്നത പഠനത്തിന് വഴിയൊരുങ്ങുന്നു. അംഗീകാരം ലഭിക്കുന്നു. ഇതുപോലെ ജീവിതത്തിലും, ഡിസംബർ മാസത്തിൽ, അല്ലാഹു (ത) യും ഒരു വലിയ പരീക്ഷ നടത്തുന്നു. നിങ്ങളുടെ വിശ്വാസം അളക്കുന്നതിനായി. ഒരു വശത്ത് എല്ലാവിധ പ്രലോഭനങ്ങളും, അവിടെ ധനം വ്യഥാ നഷ്ടപ്പെടുത്തി കളയുന്നു. അത് ധനനഷ്ടം വരുത്തുന്നു. ഈ സാഹചര്യങ്ങൾ യഥാർത്ഥത്തിൽ നിങ്ങൾക്ക് വിശ്വാസികൾക്കൊരു പരീക്ഷണമാണ്. വർഷാവസാന പാർട്ടിയിൽ നിങ്ങൾ സന്തോഷിക്കുവാൻ തയ്യാറാകുകയാണോ അതോ നിങ്ങളുടെ വിശ്വാസ പരീക്ഷയിൽ പൂച്ചെണ്ട് സ്വീകരിക്കുവാൻ തയ്യാറാവുകയാണോ ? ദുഷിച്ച ഇച്ഛകൾക്ക് നിങ്ങൾ വശംവദരരായാൽ, നിങ്ങളുടെ വിശ്വാസ പരീക്ഷയിൽ അമ്പേ പരാജയപ്പെടും. അപ്പോൾ, വർഷാവസാന ദിവസങ്ങളിൽ ഒരു വിശ്വാസിയുടെ മുൻഗണന, അവൻ അല്ലാഹുവിൽ നിഷ്കളങ്കമായി വിശ്വസിക്കുന്നുവെങ്കിൽ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ൽ വിശ്വസിക്കുന്നുവെങ്കിൽ, ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളിൽ വിശ്വസിക്കുന്നുവെങ്കിൽ, ഈ മഹത്തായ പരീക്ഷയിൽ, വളരെ വലിയ വിജയം കരസ്ഥമാക്കുന്നതിനായിരിക്കണം. അവനെ സംബന്ധിച്ചിടത്തോളം, ദൈവീക അധ്യാപനങ്ങൾക്കായിരിക്കും മുൻഗണന, എല്ലാവിധ അനിസ്ലാമിക പ്രേരണകൾക്കും മുകളിൽ, ദൈവീക അധ്യാപനങ്ങൾക്ക് അവൻ സ്ഥാനം നൽകുന്നു. വിശിഷ്യാ വർഷാവസാന ദിവസങ്ങളിൽ !

ആയതിനാൽ ഈ കാലഘട്ടത്തിലെ, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, ഞാൻ എല്ലാവരോടുമായി ഒരു നിവേദനം സമർപ്പിക്കുകയാണ്, വിശിഷ്യാ മുസ്ലീങ്ങളോട്, അവർ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിൽ പോലും, (എന്റെ വാദത്തിലും ദൗത്യത്തിലും) അത് പ്രശ്നമല്ല, എന്നാൽ ഞാൻ ചോദിക്കുകയാണ്, തങ്ങളുടെ വിശ്വാസ സംരക്ഷണത്തിനായി എന്ത് നടപടികളാണ് നിങ്ങൾ ചെയ്യുന്നത്, അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നും ബന്ധം വേർപെടാതിരിക്കുന്നതിന് നിങ്ങളാൽ കഴിയുന്നതൊക്കെ ചെയ്യണം. വർഷാവസാന പാർട്ടികളിൽ നിന്നും പിൻമാറുക, അവിടെ ഹറാമായ ഒരുപാട് കാര്യങ്ങൾ നടക്കുന്നതാണ്. ഈ ആഘോഷ വേളകളിൽ, മുസ്ലീങ്ങൾ അവരുടെ ദീനിനെ പാടേ മറക്കുന്നു. എന്നിട്ടവർ യാതൊരു വെറുപ്പുമില്ലാതെ നിഷിദ്ധ സ്ഥലങ്ങളിലേക്ക് പോകുന്നു. ഡിസ്ക്കോയ്ക്കും, കാസിനോയ്ക്കും, പണം നഷ്ടപ്പെടുത്തുന്ന പലതരം കളികളിലേക്കും, പടക്കം പൊട്ടിക്കലിലേക്കും മറ്റും മറ്റും. നിശ്ചയമായും ഇതെല്ലാം ഹറാമായ കാര്യങ്ങൾ തന്നെയാണ്.

ഈ തെറ്റുകൾ നിങ്ങൾ ചെയ്യരുത് ! ഇത് അല്ലാഹുവിന്റെ കോപത്തിനിടയാക്കുന്നതാണ്. അല്ലാഹു(ത) നിങ്ങളുടെ ധനത്തിലും വീട്ടിലുമുള്ള എല്ലാവിധ അനുഗ്രഹങ്ങളും നീക്കം ചെയ്യുവാൻ കഴിവുള്ളവനാണ്. നിശ്ചയം വരുംദിനങ്ങളിൽ അല്ലാഹു (ത) നിങ്ങൾക്കായി ശേഖരിച്ചു വച്ചിരിക്കുന്നത് എന്താണെന്ന് നിങ്ങൾ അറിയുന്നില്ല. വർഷാവസാന പരീക്ഷയിൽ വിജയിക്കുക. ദൈവീക ഉറവിടത്തിൽ നിന്നുള്ള ഫലങ്ങൾ, വരാനിരിക്കുന്ന അതിമഹത്തായ വിജയത്തിന്റെ സൂചനകൾ മാത്രമാണ്, അതിലൂടെ നിങ്ങൾക്ക് ഒടുവിൽ ലഭ്യമാകുന്നത് നിങ്ങളുടെ ദൈനംദിന ജീവിതത്തിലെ സ്വർഗ്ഗമായിരിക്കും, നിങ്ങളുടെ ഭവനങ്ങളിലെ സ്വർഗ്ഗമായിരിക്കും, കുടുംബജീവിതത്തിലെ സ്വർഗ്ഗമായിരിക്കും. അതുഭൂമിയിലായാലും ശരി, വരാനിരിക്കുന്ന ലോകത്തിലായാലും ശരി. ഭൂമിയിലെ താൽക്കാലിക നരകത്തിൽ നിന്നു മാത്രമല്ല തുടർന്നു വരുന്ന ശാശ്വത നരകത്തിൽ നിന്നും നിങ്ങൾ സുരക്ഷിതരായിരിക്കും.

രക്ഷകർത്താക്കളുടെ ഉത്തരവാദിത്വമാണ്, തങ്ങളുടെ സന്താനങ്ങളെ നിഷിദ്ധമായ കാര്യങ്ങളിലേക്ക് പറഞ്ഞയക്കാതിരിക്കുക എന്നത്. നിഷിദ്ധ സ്ഥലങ്ങളിലേക്ക് മുസ്ലീങ്ങൾ തങ്ങളുടെ കാലുകളെ ചലിപ്പിക്ക

രുത്. ഈ സ്ഥലങ്ങൾ മുസ്ലീം വിശ്വാസികൾക്കുള്ളതല്ല. ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നവർക്കുള്ള തല്ല; അല്ലാഹുവിന്റെ ദൂതനിൽ വിശ്വസിക്കുന്നവർക്കുള്ളതല്ല; അവന്റെ പരിപൂർണ്ണ ഗ്രന്ഥത്തിൽ വിശ്വസി ക്കുന്നവർക്കുള്ളതല്ല.

വർഷാവസാനം ലഭിക്കുന്ന ശമ്പളവും, ബോണസും നിങ്ങൾ നഷ്ടപ്പെടുത്തി കളയരുത്. ഈ രാജ്യ ത്തിന് ഇത് എത്രമാത്രം ചിലവാകുന്നുവെന്ന് നിങ്ങൾക്കറിയാമോ ? പണം നിങ്ങൾക്ക് ലഭിക്കുമ്പോൾ നിങ്ങൾ സന്തോഷത്തിലാണ്. നിങ്ങൾക്ക് നൽകിയ ഈ ധനം വീണ്ടെടുക്കുവാൻ ഈ രാജ്യം എന്താണ് ചെയ്യുന്ന തെന്ന് അറിയാമോ ? പണം എങ്ങനെ നഷ്ടപ്പെടുത്താതെ സുരക്ഷിതമാക്കണമെന്ന് നിങ്ങൾക്കറിയില്ല. ഈ ധനം അധികാരികൾ നമ്മിൽ നിന്ന് വീണ്ടെടുക്കുന്നതാണ്. ഈ ബോണസുകൾ, മറ്റ് ആനുകൂല്യങ്ങൾ നൽകു ന്നതിന് മുമ്പ്, നിങ്ങൾക്ക് ബോധ്യമായിട്ടുണ്ടാകും, സാക്ഷ്യം വഹിച്ചിട്ടുണ്ടാകും, സാധന വിലകൾ എത്ര മാത്രം കൂടിയെന്ന് ! (തക്കാളി, ബീഫ്, മത്സ്യം, ചിക്കൻ തുടങ്ങിയവ) മാസ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിങ്ങൾ ചില മുൻകരുതലുകൾ എടുത്തിട്ടുണ്ടാകാം. നിത്യോപയോഗ സാധനങ്ങളുടെ വിലയും കൂടി. (അ രി, എണ്ണ, പാൽ, പഞ്ചസാര തുടങ്ങിയവ) അതിലൂടെ യാത്രക്കൂലി, ഇന്ധനവില ഇവയും വർദ്ധിച്ചു. ഇത് നിങ്ങൾക്ക് സാധാരണ കാര്യമായിരിക്കാം. എന്നാൽ സാധുക്കളും ഇടനിലക്കാരുമാണ് ഏറ്റവുമധികം ദുരിതം പേറുന്നത്. അധികാരത്തിലിരിക്കുന്നവർ ധൂർത്തടിക്കുന്നതുപോലുള്ള ഒരു ജീവിത രീതി നിങ്ങൾ പിൻതുട രരുത്. അവർക്ക് ധനം ധാരാളം ലഭിക്കുന്നു. അവർക്ക് സാധുക്കളുടെ ദൈനംദിന ജീവിത കഷ്ടപ്പാടുകൾ അറിയില്ല. അവരുടെ പ്രത്യേക അധികാരങ്ങളിൽ ആസ്വദിക്കുകയാണ്. അവർക്ക് വർഷാവസാനം അധിക ശമ്പളവും ബോണസുകളും ലഭിക്കുന്നു. അത് നിങ്ങൾക്ക് ലഭിക്കുന്നതിനേക്കാൾ എത്രയോ വലുതാണ് ! ആയതിനാൽ നിങ്ങൾക്ക് ലഭിക്കുന്ന തുക നിങ്ങളുടെയും കുടുംബത്തിന്റെയും നല്ല ഭാവിക്കായി കരുതി വയ്ക്കുക. എനിക്കറിയാം ഞാനീ പറയുന്നത് അധികാരികൾക്കൊന്നും ഇഷ്ടമാകില്ലെന്ന് !

മാത്രമല്ല, വർഷാവസാന ആഘോഷങ്ങളിൽ, മുസ്ലീം സ്ത്രീകളും പെൺകുട്ടികളും സഭ്യമല്ലാത്ത വസ്ത്രധാരണം നടത്തുന്നത് വളരെ ദുഃഖതരം തന്നെ ! നിങ്ങൾ മനസ്സിലാക്കണം ഞാൻ എല്ലാ മുസ്ലീം സ്ത്രീക ളെയും പെൺകുട്ടികളെയും കുറിച്ചല്ല സംസാരിക്കുന്നത്. ചുരുക്കം ചില സഹോദരിമാർ നല്ല നിലയിൽ വസ്ത്രം ധരിക്കുകയും, അവർ അവരുടെ മാന്യതയും മഹത്വവും പ്രകടമാക്കുകയും ചെയ്യുന്നുണ്ട്. അതോ ടൊപ്പം ഇസ്ലാമിന്റെ മഹത്വവും മാന്യതയുമാണ് അവർ സംരക്ഷിക്കുന്നത്.

ആയതിനാൽ മുസ്ലീം സ്ത്രീകൾ അവർക്കനുയോജ്യമായ വസ്ത്രധാരണം നടത്തേണ്ടതാണ്. അവര തിനെ ആദരിച്ചു കൊണ്ടായിരിക്കണം. മാന്യതയെന്നത് കമ്പോളത്തിൽ വാങ്ങാൻ കിട്ടുന്നതല്ല. ആയതിനാൽ നിങ്ങൾ മോശം നിലയിൽ വസ്ത്രധാരണം ചെയ്യുമ്പോൾ, ചൂടായതുകൊണ്ടാണ്, അല്ലെങ്കിൽ അവധി ദിവസ മായതുകൊണ്ടാണ് ഇങ്ങനെ ധരിച്ചത്, എന്നും മറ്റുമുള്ള നാട്യങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നുള്ള പരിതാപ കരമായ അവസ്ഥയെയാണ് കാണിക്കുന്നത്. നിങ്ങൾ യഥാർത്ഥത്തിൽ മുസ്ലീങ്ങൾ എന്നു കരുതുന്നുവെ ങ്കിൽ, നിങ്ങൾ അല്ലാഹുവിലും പ്രവാചകനിലും വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ ഇസ്ലാമിന്റെ സത്യമായ അധ്യാപനങ്ങളുടെ മാന്യതയും മഹത്വവും കാത്തുസൂക്ഷിക്കേണ്ടതാണ്. നിങ്ങൾ ഇതോടൊപ്പം പൈശാ ചിക പ്രവർത്തനങ്ങൾ കൂട്ടികുഴയ്ക്കരുത്. ഓർക്കുക ഇത്തരം പ്രവർത്തികൾ അല്ലാഹുവിന്റെ കോപം ജ്വലി പ്പിക്കുന്നതാണ്. നിങ്ങളിൽ വിപത്ത് ക്ഷണിച്ചു വരുത്തലുമാണ്.

നമുക്ക് പ്രാർത്ഥിക്കാം. നമ്മിൽ നിന്നും അല്ലാഹു (ത) എല്ലാ വിധ പൈശാചിക പ്രേരണകളും അകത്തി നിർത്തുമാറാകട്ടെ ! ഇൻശാ അല്ലാഹ് ആമീൻ !


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*